**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4939** **20-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട്ടിലെ സർക്കാർ സ്കൂളിൽനിന്നും ടി.സി. നൽകിയ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ.കെ.രമ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വയനാട്ടിലെ തരുവണ സർക്കാർ യു.പി. സ്കൂളിൽനിന്നും ആറാം പ്രവൃത്തി ദിനത്തിലെ ഓഫീസ് സമയത്തിനുശേഷം നാല് വിദ്യാർത്ഥികൾക്ക് വെള്ളമുണ്ട എ.യു.പി. സ്കൂളിലേക്ക് ടി.സി. നൽകിയതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വസ്തുതയാണോ; | (എ) | ഉണ്ട്. വസ്തുതയാണ്. |
| (ബി) | ആറാം പ്രവൃത്തിദിനത്തിലെ എല്ലാ നടപടികളും പൂർത്തിയാക്കുകയും വിദ്യാഭ്യാസ വകുപ്പിന്റെ സമ്പൂർണ വെബ്സൈറ്റിൽ വിവരങ്ങളെല്ലാം രേഖപ്പെടുത്തുകയും ചെയ്തശേഷം വിദ്യാർത്ഥികൾക്ക് ടി.സി. നൽകിയത് നിയമ പ്രകാരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. ഇപ്രകാരം മാറ്റപ്പെട്ട കുട്ടികളെ കൂടി ഉൾപ്പെടുത്തി തസ്തിക സൃഷ്ടിക്കുവാൻ ശ്രമിച്ചാൽ അത് ക്രമക്കേടായി കണക്കാക്കേണ്ടി വരും. തസ്തിക നിർണയ നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ. ഇക്കാര്യത്തിൽ വിശദ മായ പരിശോധന നടത്തി മാത്രമേ തസ്തിക നിർണയം നടത്തുകയുള്ളൂ. |
| (സി) | അല്ലെങ്കിൽ നിയമ ലംഘനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | അധിക തസ്തിക സൃഷ്ടിക്കാൻ ശ്രമിച്ചാൽ മാത്രമാണ് ക്രമക്കേടായി പരിഗണിക്കുന്നത്. ഇത് തസ്തിക നിർണ്ണയത്തിലാണ് വ്യക്തമാകുന്നത്. തസ്തിക നിർണയ നടപടികൾ നടന്നു വരുന്നു. ക്രമക്കേട് ബോധ്യപ്പെട്ടാൽ ഉത്തരവാദികൾക്കെതിരെ ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ